## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5319 — 25/10/2011-ൽ മറുപടിക്ക്

### പാഠപുസ്തക നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>'' വി. ഡി. സതീശൻ :<br>'' ബെന്നി ബെഹനാൻ :<br>'' വി. റ്റി. ബൽറാം : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്ന SCERT, കഴിഞ്ഞ നാലഞ്ചുവർഷങ്ങളായി ചരിത്രത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടും ഭാഷയേയും സംസ്കാരത്തേയും വികലമാക്കിക്കൊണ്ടും പാഠപുസ്തക നിർമ്മാണം നടത്തി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | എ) | 10-ാം ക്ലാസിലെ സാമൂഹ്യശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെടുത്തിയുണ്ടായ വിവാദം പരിശോധിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ ഭാഗം തുടർ നടപടിക്കായി ഡി.പി.ഐയ്ക്ക് കൈമാറിയിട്ടുണ്ട്. |
| ബി) | സാമൂഹ്യശാസ്ത്രം, മലയാളം പാഠപുസ്തകം എന്നിവയുടെ നിർമ്മിതിയെക്കുറിച്ച് ഉയർന്നുവരുന്ന ആരോപണങ്ങളും വിവാദങ്ങളും അവസാനിപ്പിക്കുന്നതിന്, പാഠപുസ്തക നിർമ്മാണ രീതിയിൽ കുറ്റമറ്റ സംവിധാനം രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | ബി) | പാഠപുസ്തക നിർമ്മാണ ചുമതലയുള്ള സമിതികളുടെ ഘടനയും മറ്റും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| സി) | ദേശീയ സ്വാതന്ത്ര്യ സമരചരിത്രത്തെക്കുറിച്ചും സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ നേതാക്കളെക്കുറിച്ചും പാഠ്യപദ്ധതിയിൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി) | ഉചിതമായ ഘട്ടത്തിൽ പരിഗണിക്കുന്നതാണ്. |

(......2)

| | | | |
|---|---|---|---|
| ഡി) | പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തകനിർമ്മാണവുമായി ബന്ധപ്പെട്ട് 2010-ൽ നടത്തിയ ശില്പശാലയിൽ നിന്നും പ്രഗൽഭരും എഴുത്തുകാരുമായ ഒരു സംഘം അദ്ധ്യാപകരെ മാറ്റി നിറുത്തിക്കൊണ്ട് പാഠപുസ്തകം നിർമ്മിച്ച ഫാക്കൽറ്റിയെ നിർമ്മാണ സമിതികളിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | നിർമ്മാണ സമിതികളിൽ പ്രഗൽഭരായ എഴുത്തുകാരെ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ